**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1711** **29-09-2025 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി മണ്ഡലത്തി കൂൺഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി മണ്ഡലത്തിലെ കൂൺഗ്രാമം പദ്ധതി എപ്പോൾ തുടങ്ങാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പദ്ധതി പ്രകാരം നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിപാടികൾ വിശദമാക്കുമോ? | (എ) | തിരുവമ്പാടി നിയോജക മണ്ഡല പരിധിയിൽ നടപ്പിലാക്കുന്ന സമഗ്ര കൂൺഗ്രാമം പദ്ധതി നിർവ്വഹണം ആരംഭിച്ചു കഴിഞ്ഞു. പദ്ധതിയിൽ ഉൾപ്പെട്ട കൃഷിഭവനുകളിൽ പ്രാഥമിക യോഗങ്ങൾക്കു ശേഷം വിവിധ ഘടകങ്ങൾക്കുള്ള ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് നടന്നു വരുന്നു. നാളിതുവരെ 62 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. തിരുവമ്പാടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന സമഗ്ര കൂൺഗ്രാമം പദ്ധതി നവംബർ മാസത്തോടെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br><br>2025-26 സാമ്പത്തിക വർഷത്തിൽ തിരുവമ്പാടി നിയോജക മണ്ഡല പരിധിയിൽ നടപ്പിലാക്കുന്ന സമഗ്ര കൂൺഗ്രാമം പദ്ധതി പ്രകാരം ചെറുകിട കൂൺ ഉത്പാദന യൂണിറ്റിന് പതിനൊന്നായിരത്തി ഇരുനൂറ്റിയമ്പത് രൂപയും വൻകിട കൂൺ ഉല്പാദന യൂണിറ്റിന് 2 ലക്ഷം രൂപയും കൂൺ വിത്തുല്പാദന യൂണിറ്റിന് (സ്പോൺ) 2 ലക്ഷം രൂപയും കമ്പോസ്റ്റ് യൂണിറ്റിന് അൻപതിനായിരം രൂപയും പാക്ക്ഹൗസിനു 2 ലക്ഷംരൂപയും, പ്രിസർവെഷൻ യൂണിറ്റിന് 1 ലക്ഷം രൂപ പരിശീലന പരിപാടികൾക്കായി ഒരു ലക്ഷം രൂപയും ഉൾപ്പെടെ ഒരു കൂൺ ഗ്രാമത്തിനായി 30.25 ലക്ഷം രൂപയുടെ ധനസഹായമാണ് ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ